II 19-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത 11-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പതിനൊന്നാം കേരള നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ 19-1-2004-ൽ നൽകിയ നക്ഷത്രചിഹ്നമിടാത്ത 11-ാം നമ്പർ ചോദ്യത്തിന്റെ എ, ബി പിരിവുകൾക്കുള്ള മറുപടിയിൽ പിശക് കടന്നു കൂടിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.

III 19-1-2004-ൽ നൽകിയ ഉത്തരങ്ങളിലെ തിരുത്തൽ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച പത്രവാർത്ത

മി. സ്പീക്കർ: 19-1-2004-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1,2,12 ഇവയിൽ വന്നുപോയ പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5-2-2004-ൽ നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. നേരത്തെ നൽകിയ ഉത്തരത്തിലെ പിശക് നിയമസഭാ സെക്രട്ടേറിയറ്റിൽ ഉത്തരം തയ്യാറാക്കിയപ്പോൾ വന്ന പിശകുമൂലമാ ണെന്ന് ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി എന്നാൽ ഗവൺമെന്റ് നൽകുന്ന ഉത്തരങ്ങൾ അതേപടി നിയമസഭയിൽ സമർപ്പി ക്കുകയാണ് നിയമസഭാ സെക്രട്ടേറിയറ്റ് ചെയ്യുന്നത്. അങ്ങനെ ഒരു പിശക് ഇവിടെ വന്നിട്ടില്ലെന്നുള്ള വസ്തുത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

IV ശ്രദ്ധക്ഷണിക്കൽ

(1) തൊഴിലാളികളുടേയും ജീവനക്കാരുടേയുംപണിമുടക്കുന്നതിനുള്ള അവകാശം സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. ടി. കെ. ബാലൻ: സർ, ഈ കഴിഞ്ഞ ആഗസ്റ്റ് ആറാം തീയതി ഇന്ത്യയിലെ അത്യുന്നത നീതിപീഠമായിട്ടുള്ള സുപ്രീം കോടതിയുടെ വളരെ വിവാദപരമായിട്ടുള്ള വിധി വന്നിരിക്കുകയാണ്. തമിഴ്നാട്ടിലുള്ള പതിനൊന്ന് ലക്ഷം ജീവനക്കാർ അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഏകപക്ഷീയമായി റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒൻപത് ദിവസം പണിമുടക്ക് നടത്തുകയുണ്ടായി. ആ പണിമുടക്കിന്റെ ഭാഗമായി ഒരു ലക്ഷത്തോളം വരുന്ന ജീവനക്കാരെ തമിഴ്നാട് ഗവൺമെന്റ് ഡിസ്മിസ് ചെയ്തു. പോരെങ്കിൽ ആ പണിമുടക്കിനെ നേരിടാൻ വേണ്ടി നാണിപ്പിക്കത്തക്ക വിധത്തിലുള്ള കരി നിയമങ്ങളാണ് തമിഴ്നാട് ഗവൺമെന്റ് കൊണ്ടുവന്നത്. അതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള അപ്പീൽ പെറ്റീഷനിലാണ് സർക്കാർ ജീവനക്കാർക്ക് ധാർമികമായും നിയമപരമായും ഭരണഘടനാപരമായും പണിമുടക്കാൻ അവകാശമില്ല എന്ന സുപ്രധാനമായിട്ടുള്ള സുപ്രീം കോടതിയുടെ വിധി വന്നിട്ടുള്ളത്. 1935-ൽ ബ്രിട്ടീഷുകാരൻ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ള ഗവൺമെന്റ് ഓഫ് ഇൻഡ്യ ആക്ടിനെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇൻഡ്യയിലെ സംസ്ഥാന ജീവനക്കാർക്ക് പണിമുടക്കാനുള്ള അവകാശം ഇല്ല എന്ന് ഉന്നത നീതിപീഠം വിധിയെഴുതിയിട്ടുള്ളത്. ജീവനക്കാരേയും മറ്റുള്ള തൊഴിലാളികളേയും അടിമകളായി കണ്ടിട്ടുള്ള കൊളോണിയൽ വ്യവസ്ഥ നിലനിൽക്കുന്ന ഘട്ടത്തിലാണ് ബ്രിട്ടീഷുകാരൻ ഇത്തരത്തിലുള്ള ഒരു നിയമം ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ അതേ ബ്രിട്ടണിൽ തന്നെ സർക്കാർ ജീവനക്കാർക്ക് പരിമിതമായിട്ടുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടെന്നുള്ളത് വിസ്മരിക്കാൻ സാധിക്കില്ല. ഇൻഡ്യയിലെ തന്നെ തൊഴിൽ നിയമം കൂട്ടായ വിലപേശലിന് അവസരം നൽകുന്നുണ്ട്. ഐ.എൽ.ഒ.-ന്റെ 151-ാം കൺവെൻഷൻ സർക്കാർ ജീവനക്കാർക്ക് പബ്ലിക് എംപ്ലോയീസ് എന്ന് പേര് ഇട്ടുകൊണ്ട് അവർക്ക് രാഷ്ട്രീയവും മറ്റും ആയിട്ടുള്ള അവകാശങ്ങൾ ഉണ്ടെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്തിന് ഏറെ, 1930-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ Bombay Chronic-ൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് സർക്കാർ ജീവനക്കാർക്കും അതുപോലെ തൊഴിലാളികൾക്കും പണിമുടക്കാനുള്ള അവകാശമുണ്ട്, അത് അവരുടെ ലാസ്റ്റ് വെപ്പൺ ആണെന്നാണ്. പോരെങ്കിൽ അദ്ദേഹം മറ്റൊരു കാര്യം കൂടി പറഞ്ഞു. ഇൻഡ്യയുടെ സോളിസിറ്റർ ജനറൽ സോളിറ്റ് സെറാബ്ജി അടക്കം, ജസ്റ്റിസ് കൃഷ്ണ അയ്യർ, രാജീവ് ധവാൻ, ജസ്റ്റിസ് അല്ലാടി മുതലായ പലരും ഈ വിധിയെ വിമർശിച്ചിട്ടുണ്ട്. ഈ വിധി യഥാർത്ഥത്തിൽ വന്നിട്ടുള്ളത് നമ്മുടെ പുതിയ ആഗോളവൽക്കരണത്തിന്റെ ഒരു കാറ്റ് നമ്മുടെ കോടതികളിൽപ്പോലും വന്നതിന്റെ ഭാഗമായിട്ടാണ്. അതുകൊണ്ട് ഇതിനെതിരെ സംയുക്തമായിട്ടുള്ള ഒരു ചെറുത്തുനിൽപ്പ് ഇൻഡ്യയിലെ തൊഴിലാളികൾ ആരംഭിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി വരുന്ന 24-ാം തീയതി അഖിലേൻഡ്യാ അടിസ്ഥാനത്തിൽ തൊഴിലാളികളും ജീവനക്കാരും പണിമുടക്കുന്നുണ്ട്. ഇവരുടെ അപ്പീൽ പെറ്റീഷൻ തന്നെ സുപ്രീം കോടതിയിൽ എത്തിയിട്ടുണ്ട്. അതിൽ പല സംസ്ഥാനങ്ങളും, ബംഗാൾ പോലുള്ള പല സംസ്ഥാന ഗവൺമെന്റുകളും കക്ഷി ചേർന്നിട്ടുണ്ട്. ജനാധിപത്യ അവകാശങ്ങളുടെ പേരിൽ പ്രസിദ്ധമായിട്ടുള്ള കേരളം, ഈ ഗവൺമെന്റ് തന്നെ ഇതിൽ കക്ഷി ചേരണമെന്നും നിലപാട് വ്യക്തമാക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർക്കാർ ജീവനക്കാരുടെ പണിമുടക്ക് നിരോധിച്ചുകൊണ്ടുള്ള തമിഴ്നാട് സർക്കാരിന്റെ ഉത്തരവിനെ ചോദ്യം ചെയ്ത് അവിടത്തെ സർക്കാർ ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച ഒരു കേസിലാണ് ഇപ്രകാരം, ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിന്ന് സർക്കാർ ജീവനക്കാർ സമരം ചെയ്യാൻ പാടില്ലെന്ന പ്രകാരമുള്ള വിധി ഉണ്ടായത്. എന്നാൽ തൊഴിലാളികൾക്ക് ഈ വിധി നേരിട്ട് ബാധകമാണെന്ന് തോന്നുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ബാധകമായിട്ടുള്ളത് 1947-ലെ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

തർക്ക നിയമമാണ്. ഈ നിയമത്തിൽ വകുപ്പ് 2-ൽ പണിമുടക്ക് എന്ന പദം നിർവ്വചിച്ചിട്ടുള്ളതും വകുപ്പ് 22, 23 എന്നിവയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതുമായ സാഹചര്യങ്ങളിൽ മാത്രമേ പണിമുടക്ക് നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളു. കൂടാതെ വകുപ്പ് 24-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ നടത്തുന്ന പണിമുടക്കുകളെ മാത്രമേ unfair labour practice എന്ന നിലയിൽ വകുപ്പ് 25 (റ്റി) പ്രകാരം നിരോധിച്ചിട്ടുള്ളു. ഈ സാഹചര്യത്തിൽ തൊഴിൽതർക്ക നിയമത്തിൽ വകുപ്പ് 23, 24 എന്നീ വ്യവസ്ഥകൾക്ക് വിധേയമായി തൊഴിലാളികൾക്ക് പണിമുടക്കാനുള്ള അവകാശം നിലനിൽക്കുന്നു. 1926-ലെ ട്രേഡ് യൂണിയൻ നിയമവും തൊഴിലാളികൾക്ക് സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം സംരക്ഷിക്കുന്നുണ്ട്. ഈ അവകാശത്തെ മേൽപ്പറഞ്ഞ സുപ്രീം കോടതി വിധി യാതൊരു വിധത്തിലും ബാധിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ സർക്കാർ ജീവനക്കാരുടെ പണിമുടക്ക് സാധാരണ ജീവിതം സ്തംഭിപ്പിക്കുന്ന അവസ്ഥ മറ്റുള്ള പൗരൻമാരുടെ അവകാശത്തെ ഹനിക്കും എന്നും അതുകൊണ്ട് അവർക്ക് പണിമുടക്കാൻ അവകാശമില്ല എന്നുമുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിഗമനം തൊഴിലാളികളെ നേരിട്ടല്ലെങ്കിലും ഒരു പരിധിവരെ ബാധിക്കാൻ ഇടയുണ്ട്. വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന ജീവനക്കാരുടേയും, തൊഴിലാളികളുടേയും സമരങ്ങളോട് സർക്കാരിന് യോജിപ്പില്ല. അതുപോലെ അനാവശ്യ സമരങ്ങൾ പ്രോൽസാഹിപ്പിക്കുന്ന നയവും ഈ സർക്കാരിന് ഇല്ല. എന്നാൽ ജീവനക്കാരുടേയും തൊഴിലാളികളുടേയും പണിമുടക്കാനുള്ള അവകാശങ്ങൾ എടുത്തുകളയുന്നതിനോട് യോജിപ്പും ഇല്ല. സുപ്രീം കോടതിയുടെ കേസിൽ സംസ്ഥാനം കക്ഷി അല്ലാതിരുന്നതിനാൽ സർക്കാർ തലത്തിൽ ഒരു നടപടിയും ആവശ്യമാണെന്ന് തോന്നുന്നില്ല.

<u>ശ്രീ. ടി. കെ. ബാലൻ:</u> 1984-ൽ വെസ്റ്റ് ബംഗാൾ ഗവൺമെന്റ് right to strike ലീഗലൈസ് ചെയ്തുകൊണ്ട് അവിടെ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ബംഗാൾ ഗവൺമെന്റ് ജീവനക്കാർക്ക് പണിമുടക്കാനുള്ള അവകാശം ലീഗലൈസ് ചെയ്തിട്ടുള്ളത്. ആ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തന്നെ ഇക്കാര്യത്തിൽ അവരുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കക്ഷി ചേരുന്ന കാര്യത്തെ സംബന്ധിച്ച് അനുകൂലമായി ആലോചിക്കുമോ?

<u>ശ്രീ. എ. കെ. ആന്റണി:</u> ഇൻവെസ്റ്റ്മെന്റിന് അനുകൂലമായി വെസ്റ്റ് ബംഗാൾ എടുക്കുന്ന നയത്തിന്റെ പത്തിലൊന്ന് എങ്കിലും നടപ്പിലാക്കണമെന്ന് പറയുമ്പോൾ എതിർക്കുകയാണ്. എല്ലാ കാര്യത്തിലും വെസ്റ്റ് ബംഗാളിനെ മാതൃകയാക്കാൻ നിങ്ങൾ തന്നെ തയ്യാറല്ലല്ലോ? ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് കേരള ഗവൺമെന്റിന്റെ നിലപാട് സ്വീകരിക്കും.

2/198/2013—27.